കേരള സർക്കാർ

# പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി.)332/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 03.04.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്
സർ,

വിഷയം : പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് – 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2)അസിസ്റ്റന്റ് ഡവലപ്പ് മെന്റ് കമ്മീഷണർ,എറണാകുളം
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി.)332/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 03.04.2017

## എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.03.2016 മുതൽ 31.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമുണ്ടായിരിയ്ക്കുന്നതല്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.02.2017 മുതൽ 20.02.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.മിനു.പി.കെ.,ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോൺസൺ.ടി.ടി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ എൻ.എം.സജീവ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.എം.കെ.ഷാജി | 01.04.2015മുതൽ31.03.2016വരെ |
| വൈസ് പ്രസിഡന്റ് &ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി സരള മോഹനൻ | 01.04.2015മുതൽ31.03.2016വരെ |
| വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീ ഫ്രാൻസിസ് തറയിൽ | 01.04.2015മുതൽ31.03.2016വരെ |
| ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീ പി.സി.സുരേഷ് കുമാർ | 01.04.2015മുതൽ31.03.2016വരെ |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി ലിസ്സി ഷാജു | 01.04.2015മുതൽ30.06.2015വരെ |
| | ശ്രീമതി ലിസ്സി ജോർജ് | 01.07.2015മുതൽ31.07.2015വരെ |
| | ശ്രീമതി ലിസ്സി ഷാജു | 01.08.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീ ഏണസ്റ്റ് .സി.തോമസ് | 01.04.2015മുതൽ15.08.2015വരെ |
| | ശ്രീ സിജു തോമസ്, (ബി.ഡി.ഒ ഇടപ്പള്ളി-അധിക ചുമതല) | 16.08.2015മുതൽ25.08.2015വരെ |
| | ശ്രീമതി ശ്യാമലക്ഷ്മി എസ്. | 26.08.2015മുതൽ15.12.2015വരെ |
| | ശ്രീ സുരേഷ് ബാബു വി.കെ, ജോയിന്റ് ബി.ഡി.ഒ,(അധിക ചുമതല) | 16.12.2015മുതൽ16.01.2016വരെ |
| | ശ്രീമതി ശ്യാമലക്ഷ്മി എസ്. | 17.01.2016മുതൽ31.03.2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ സജീവ് ടി.കെ | 01.04.2015മുതൽ31.03.2016വരെ |
| | ശ്രീ സാജൻ കെ.ടി. (മുളന്തുരുത്തി എ.എക്സ്.ഇ ,അധിക ചുമതല) | 01.04.2015മുതൽ31.03.2016വരെ |
| എസ്.സി. ഡെവലപ്മെന്റ് ഓഫീസർ | ശ്രീ ടി.വി.ബാബു | 01.04.2015മുതൽ07.04.2015വരെ |
| | ശ്രീ പി.ആർ.സജിൽ കുമാർ | 08.04.2015മുതൽ09.06.2015വരെ |
| | ശ്രീ നവീൻ ചന്ദ്രൻ എൻ. | 10.06.2015മുതൽ31.03.2016വരെ |
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ. | ശ്രീമതി സുബൈദ എ.പി. | 01.04.2015മുതൽ31.03.2016വരെ |
| | ശ്രീമതി അനീസ ബീഗം എം.ഒ. | 01.04.2015മുതൽ31.03.2016വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | പണം പിൻവലിക്കൽ അപാകത | 2-1 |
| | ഭാഗം 3 | |
| 12 | പ്രവൃത്തിക്ക് അധിക തുക നൽകിയത്. | 3-1 |
| 13 | CHC ചെലവുകൾ റീഇംപേഴ്സ് ചെയ്തതിലെ അപാകത - നഷ്ടം- 4760.00 | 3-2 |
| 14 | പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ സംയോജിത നീർത്തട പരിപാലന പദ്ധതി-അപാകത | 3-3 |
| 15 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല - അധിക ചെലവ് 1980/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. | 3-4 |
| 16 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങലുകൾ നടത്തുന്നു | 3-5 |
| 17 | IAY ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | 3-6 |
| 18 | പ്രോജക്റ്റിന്റെ ഭാഗമായി ഇൻസിനേറ്റർ വാങ്ങിയത് - വിവരങ്ങൾ അവ്യക്തം | 3-7 |
| 19 | വാഹനത്തിന്റെ മൈലേജ് പരിശോധന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 3-8 |
| 20 | എം ബുക്കിൽ അളവെടുക്കാത്ത ഇനം, ബിൽ പാർട്ടിൽ ചേർത്ത് തുക നൽകി | 3-9 |
| | ഭാഗം 4 | |
| 21 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ചതും നൽകിയതുമായ തുകകളുടെ വിവരം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 23 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2015-16 | അനുബന്ധം-1 |
| 32 | ബാലൻസ് ഷീറ്റ് – 2015-16 | അനുബന്ധം-2 |
| 33 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്– 2015-16 | അനുബന്ധം-3 |
| 34 | വരവ്-ചെലവ് പത്രിക -2015-16 | അനുബന്ധം-4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് 18.03.2015 തിയതിയിൽ അംഗീകരിച്ചു. ബജറ്റു പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവു ചെലവുകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം (₹) | യഥാർത്ഥ ത്തിലുള്ളത് (₹) | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വരവ് | 39,31,93,000 | 7,75,30,409 | -31,56,62,591 | 80.28 |
| ചെലവ് | 39,19,70,000 | 8,37,97,748 | -30,81,72,252 | 78.62 |

നികുതി, നികുതിയേതര വരവുകളൊന്നുമില്ലാത്ത ബ്ലോക്ക് പഞ്ചായത്തിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന നിശ്ചിത ഗ്രാന്റുകൾ മാത്രമാണ് വരവുള്ളതെന്നിരിക്കെ യാഥാർത്ഥ്യവുമായി ഒരു പൊരുത്തവുമില്ലാത്ത രീതിയിലാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. യഥാർത്ഥ വരവ് ബജറ്റ് വരവിനേക്കാളും 80.28%വും യഥാർത്ഥ ചെലവ് ബജറ്റ് ചെലവിനേക്കാളും 78.62% കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബജറ്റ് ശ്രദ്ധയോടെയും യാഥാർത്ഥ്യത്തിന് നിരക്കുന്ന രീതിയിലും തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2015 | 28.07.2015 |

# 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് ₹ | 3,83,02,008 |
| വരവ് ₹ | 7,75,30,409 |
| ആകെ ₹ | 11,58,32,417 |
| ചെലവ് ₹ | 8,37,97,748 |
| നീക്കിയിരിപ്പ് ₹ | 3,20,34,669 |

# 1-5 ഫണ്ട് വിനിയോഗം

2015-16

| ഫണ്ടിനം | മുൻ ബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | ട്രാൻസ്ഫർ ക്രെഡിറ്റ് ₹ | നീക്കി യിരിപ്പ് ₹ | ചെലവ് % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 4178532 | 18283477 | 22462009 | 22462009 | - | 0 | 100 |
| വികസന ഫണ്ട് എസ്.സി.പി. | 4868369 | 10415686 | 15284055 | 11935207 | 3348848 | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1709301 | 407123 | 2116424 | 2116424 | 0 | 0 | 100 |
| ബി ഫണ്ട് | 0 | 177903 | 177903 | 177903 | 0 | 0 | 100 |

വികസനഫണ്ട് പൊതുവിഭാഗം വരവ് ആയ 1,82,83,477/- രൂപയിൽ വികസനഫണ്ട് എസ്.സി.പി.യിൽ നിന്നുമുള്ള 33,48,848/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ആയി

ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | തൻ വർഷം നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2015-16 | 58 | 4,21,24,901 | 36 | 3,43,97,216 | 16 | 6 | 62% |

നടപ്പാക്കാത്തവയിൽ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

2015-16 സാമ്പത്തികവർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ നാമമാത്രമായ പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. പട്ടിക ജാതി വികസന ഓഫീസർക്ക് 4 പ്രോജക്ടുകൾ നടപ്പാക്കാൻ അംഗീകാരം ലഭിച്ചെങ്കിലും ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. ചൈൽഡ് ഡെവലപ്പ്മെന്റ് ഓഫീസർ 2 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, മെഡിക്കൽ ഓഫീസർ CHC എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പ്രോജക്ടുകളൊന്നും നൽകിയിട്ടില്ല. ബ്ലോക്കിന് കീഴിൽ വരുന്ന 6 ഗ്രാമ പഞ്ചായത്തുകളും കൃഷിക്ക് അനുയോജ്യമായ ഗ്രാമീണ മേഖലകളായിരിന്നിട്ടും കൃഷിക്കോ ക്ഷീരമേഖലക്കോ ഉണർവ്വേകുന്ന പദ്ധതികളൊന്നും ആവിഷ്കരിക്കുന്നതിന് ശ്രമിച്ചിട്ടില്ല. പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഫർണീച്ചർ, സൈക്കിൾ, ലാപ് ടോപ്പ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയെങ്കിലും ഫർണീച്ചർ, സൈക്കിൾ, ലാപ് ടോപ്പ് എന്നിവ ഗ്രാമ പഞ്ചായത്തുകൾ വഴി വിതരണം ചെയ്യേണ്ടവയായതിനാൽ പട്ടിക ജാതി വികസന ഓഫീസർ പദ്ധതി ഏറ്റെടുക്കാൻ തയ്യാറായില്ല. പദ്ധതി ആസൂത്രണം ചെയ്യുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ബന്ധപ്പെട്ടവരും വേണ്ടത്ര ജാഗ്രത കാണിച്ചില്ലായെന്ന് ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണ്. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനം ലക്ഷ്യംവെച്ച് സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചത് ഗൗരവമായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

# 1-7 തനത് വരുമാനം

വാടക, ടെണ്ടർ ഫോം വിറ്റവരവ്, വൃക്ഷങ്ങളിൽ നിന്നുള്ള ആദായം, പലിശ എന്നീ ഇനങ്ങളിലുള്ള നാമമാത്രമായ വരവ് മാത്രമേ ബ്ലോക്ക് പഞ്ചായത്തിന് തനത് വരുമാനമായിട്ടുള്ളൂ. 2015-16 ൽ 31280/- രൂപയാണ് തനത് വരുമാനം.

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.02.2017ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം ക്യാഷ് വരവോ നീക്കയിരിപ്പോ ഉണ്ടായിരുന്നില്ല.

# 1-9 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ പ്രധാനപ്പെട്ട രജിസ്റ്ററുകളെല്ലാം നന്നായി എഴുതി സൂക്ഷിയ്ക്കുന്നുണ്ട്. വൗച്ചറുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ, ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ

മുതലായവ നല്ല രീതിയിൽ എഴുതി സൂക്ഷിയ്ക്കുന്നുണ്ട്. ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ വസ്തുതാപരമായി കണക്കുകൾ എൻട്രി വരുത്തേണ്ടതാണ്. പഞ്ചായത്തിന് നാമ മാത്രമായ വരവ് വരുന്നതെങ്കിലും കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല. രജിസ്റ്ററിലെ വരവും ധനകാര്യപത്രികയിലെ വരവും പൊരുത്തപ്പെടുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.07.2015 മുതൽ 07.08.2015 വരെ | 2014-15 | 10.03.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.07.2015 മുതൽ 16.07.2015 വരെ | 01.07.2013 മുതൽ 30.06.15 വരെ | 13.08.2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പണം പിൻവലിക്കൽ അപാകത

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ട് നം.71109140000006 ലെ അടവ്, പിൻവലിക്കൽ പരിശോധിച്ചതിൽ 09.12.2016 തീയതിയിൽ ചെക്ക് നം.1548456 പ്രകാരം (ട്രാൻസാക്ഷൻ നം. 5220) 40,000/-രൂപ പിൻവലിച്ചിരുന്നു. എന്നാൽ ഇതേ നമ്പർ ചെക്ക് പ്രകാരം 22.12.2016 ൽ 40,000/-രൂപ (ട്രാൻസാക്ഷൻ നം. 5982) പിൻവലിച്ചതായി അക്കൗണ്ടിൽ കുറവ് വരുത്തിയിട്ടുണ്ട്. ഈ കാര്യം ഓഡിറ്റ് ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് ട്രഷറിയിൽ കത്ത് കൊടുക്കുകയും കുറവ് വരുത്തിയ 40,000/-രൂപ കൂട്ടുകയും റിക്കൺസിലിയേഷൻ നടത്തുകയും ചെയ്തു. മാസാന്ത്യ റിക്കൺസിലേഷൻ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാലാണ് ഇത്തരം അപാകത ഉണ്ടാകുന്നത്. ഭാവിയിൽ ഇത്തരം അപാകത ഇല്ലാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തിക്ക് അധിക തുക നൽകിയത്.

| പ്രോജക്ടിന്റെ പേര്, നമ്പർ | എം. ബുക്ക് നമ്പർ | കൺവീനറുടെ പേര് | ബിൽ തുക | ഡി.ഡി. നമ്പർ/തീയതി |
|---|---|---|---|---|
| ചൂരക്കോട്ട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 49/16 | 25/14-15 | ജോസ്.എം.ഡി. | 313461/- (ഒന്നാം പാർട്ട് ബിൽ തുക) 114392/-(ഫൈനൽ ബിൽ തുക) | 118139/09.04.2016 719014/18.09.15 (ബിൽ നം. 4/14-15 dt. 4.9.2015) |

2012 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 550000/- രൂപ അടങ്കൽ നിശ്ചയിച്ച് ചെയ്ത ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ, പ്രവൃത്തി ടെണ്ടർ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അതിനാൽ കരാറുകാരന്റെ ലാഭം ഉൾപ്പെട്ട നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 22.9.2014 -ലെ 3(3)-ാം നമ്പർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തി കൺവീനർ മുഖേന നടപ്പാക്കാൻ തീരുമാനിക്കുകയും അപ്രകാരം നടപ്പാക്കുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ നിരക്കിൽ തന്നെ, (കരാറുകാരന്റെ ലാഭം ഉൾപ്പെട്ട നിരക്ക്) ചെയ്ത പ്രവൃത്തി എന്ന നിലയിലാണ് ആദ്യ പാർട്ട് ബിൽ തുക നൽകിയിട്ടുള്ളത്. രണ്ട് ബില്ലിലും ഒരേയിനം പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. (അവസാന ബിൽ തുക നല്കിയത് കൺവീനർക്ക് അനുവദനീയമായ നിരക്കിലുള്ള പ്രവൃത്തി ചെയ്തതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ്. ) ആദ്യ ബിൽ തുക നൽകിയിട്ടുള്ളതിൽ സംഭവിച്ച അപാകത പരിഹരിക്കുന്നതിനായി, രണ്ടാമത് ചെയ്ത പ്രവൃത്തികളുടെ ബിൽ തുക നൽകിയപ്പോൾ. ആദ്യം ചെയ്ത പ്രവൃത്തിയുടെ അളവുപ്രകാരം നല്കിയ നൽകിയ അധിക(കരാറുകാരന്റെ ലാഭം ഉൾപ്പെട്ട നിരക്ക്) തുക അഡ്ജസ്റ്റ് ചെയ്യുവാനായി, ഫൈനൽ ബിൽ വരെയുള്ള ആകെ അളവുകൾ കണക്കാക്കി, അതിന് കരാറുകാരന്റെ ലാഭം ഉൾപ്പെടാതെയുള്ള നിരക്കുകൾ പ്രകാരമുള്ള തുകകൾ കണക്കാക്കി, അതിൽ നിന്നും ആദ്യ ബിൽതുക കുറച്ച് നൽകുകയാണ് ചെയ്തത്. ഇപ്രകാരം നല്കിയതിൽ ഐറ്റം നം. 3 ന്റെ തുക കണക്കാക്കിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു

ചെയ്ത പ്രവൃത്തി:

Form work for side wall of drain including planks, joists and labour charges etc, complete

തുക നൽകിയ രീതി/ നല്കിയ തുക

| | |
|---|---|
| ആദ്യബിൽ പ്രകാരം ചെയ്ത അളവ് (എം.ബുക്ക് പേജ് 3) | 313.5M$^2$(limited to estimate quantity 226.6M$^2$) |
| നൽകിയ തുക(എം.ബുക്ക് പേജ് 8) 226.6 M$^2$ @ 3857/10M$^2$ | 87399/-(കരാറുകാരന്റെ ലാഭം ഉൾപ്പെടെയുള്ള തുക) |
| ഫൈനൽ ബിൽ പ്രകാരം ചെയ്ത അളവ്(എം.ബുക്ക് പേജ് 14) | 87.34M$^2$ |
| നൽകിയ തുക(എം.ബുക്ക് പേജ് 26) | 47042.12(@3354/10M$^2$(ഏരിയ കണക്കാക്കിയതെത്ര എന്ന് വ്യക്തമല്ല) |
| ആകെ ചെയ്ത അളവ് | 226.6 M$^2$+ 87.34M$^2$ = 313.94 M$^2$ |
| നൽകിയ തുക | 47042.12 + 87399 = 134441 |
| നൽകേണ്ട തുക | 313.94 X 335.4 = 105295.47 |
| അധികം നൽകിയ തുക | 29146/- |

ഇത്തരത്തിൽ അധിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ അവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 1) മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി

ലഭ്യമാക്കിയില്ല. അധികമായി ചെലവ് ചെയ്ത 29146/- രൂപ കൺവീനറിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-2 CHC ചെലവുകൾ റീഇംപേഴ്സ് ചെയ്തതിലെ അപാകത - നഷ്ടം-4760.00

ചെങ്ങമനാട് CHC യുടെ 18.06.2015 മുതൽ 30.12.2015 വരെയുള്ള കണ്ടിജന്റ് ചെലവുകൾ മെഡിക്കൽ ഓഫീസറുടെ 15.01.2016 ലെ 40/15 നമ്പർ കത്ത് പ്രകാരം റീ ഇംബേഴ്സ് ചെയ്ത് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കത്തിനോടൊപ്പം ഹാജരാക്കിയിരിക്കുന്ന ബില്ലുകളിൽ പ്രിൻസിപ്പാൾ ഗവ. HS സ്കൂൾ, ചെങ്ങമനാടിന്റെ (കൺസ്യൂമർ നമ്പർ 7238) രണ്ട് ബില്ലുകൾ ഉൾപ്പെടുകയും ഇതുപ്രകാരമുള്ള 4760 രൂപ മെഡിക്കൽ ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. CHC യുടെ ബില്ലിനൊപ്പം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരാത്ത സ്ഥാപനമായ ഗവ. HS സ്കൂളിന്റെ ബിൽ ഉൾപ്പെട്ടതും തുക നൽകിയതും ന്യായീകരിക്കാവുന്നതല്ല. തുക ഗവ. HS സ്കൂളിൽ നിന്നും ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 2) മറുപടിയിൽ മെഡിക്കൽ ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാത്തപക്ഷം ചെലവ് തുക അനുവദിച്ച സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ്.

2) കണ്ടിജെന്റ് ചെലവുകളുടെ തുക ആറ് മാസം കൂടുമ്പോഴാണ് റീ ഇംബേഴ്സ് ചെയ്തിരിക്കുന്നത്. ആറ് മാസത്തെ നിരവധി ബില്ലുകൾ ഒരുമിച്ച് റീഇംപേഴ്സ് ചെയ്യുമ്പോൾ ഇവ ശരിയായി പരിശോധിക്കാൻ സാധിക്കാതെ വരികയും മേൽപറഞ്ഞരീതിയിലുള്ള അപാകതകൾക്കും കാരണമാകുന്നു. ഇതിനുപകരം ചെലവ് തുക ഓരോ മാസത്തേതും തൊട്ടടുത്തമാസംതന്നെ റീ ഇംബേഴ്സ് ചെയ്യേണ്ടതാണ്.

3) ബില്ലുകൾ ക്രമപ്രകാരമല്ല ഹാജരാക്കിയിരിക്കുന്നത്. ബില്ലുകൾ ചെലവ് നടന്ന തിയതിയുടെ ക്രമത്തിൽ ഹാജരാക്കേണ്ടതാണ്.

4) CHC യിൽ ഉപയോഗിക്കുന്ന വാഹനമായ KL-07M-32 ന്റെ ലോഗ് ബുക്ക് ശരിയായി എഴുതിസൂക്ഷിക്കുന്നില്ല. മൈലേജ് ടെസ്റ്റ്, പുകപരിശോധന എന്നിവ നടത്തിയതായി കാണുന്നില്ല. ഇതേ വാഹനം ബ്ലോക്കിന് കീഴിലുള്ള മറ്റ് 2 CHC കൾക്കായി ഉപയോഗിക്കുകയും ഈ സ്ഥാപനങ്ങളിൽനിന്നും ഇന്ധനം നിറക്കുകയും ചേയ്യുന്നുണ്ട്. എന്നാൽ ഡീസൽ ടാങ്ക് പൂർണ്ണമായി നിറക്കാതെ പലപ്പോഴും കുറഞ്ഞ തുകക്കുള്ള ഇന്ധനംമാത്രം നിറക്കുകയും ചെയ്യുന്നു. ഇവയൊന്നും ലോഗ് ബുക്കിൽ ശരിയായി രേഖപ്പെടുത്തിയിട്ടില്ല. മൈലേജ് ടെസ്റ്റ് നടത്താത്തതിനാൽ വാഹനത്തിന്റെ പ്രവർത്തനക്ഷമത പരിശോധിക്കാനും സാധിക്കുന്നില്ല.

മേല്പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

# 3-3 പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ സംയോജിത നീർത്തട പരിപാലന പദ്ധതി - അപാകത

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിൽ 2013-14 സാമ്പത്തിക വർഷത്തിലാണ് സംയോജിത നീർത്തട പരിപാലന പദ്ധതി (ബാച്ച്-4 IWMP-2012-13) ആരംഭിച്ചത്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പ്പറയുന്ന തരത്തിലാണ് ചെലവ് വിഭാവനം ചെയ്തത്.

| നം | | ഫണ്ട് ചെലവ് വിവരം(%) | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10 | 61,94,256 |
| 2 | മോണിറ്ററിംഗ് | 1 | 6,19,425 |
| 3 | ഇവാല്യവേഷൻ | 1 | 6,19,425 |
| 4 | എൻട്രി പോയിന്റ് ആക്ടിവിറ്റി | 4 | 24,77,702 |
| 5 | ഇൻസ്റ്റിറ്റ്യൂഷൻ & കപ്പാസിറ്റി ബിൽഡിംഗ് | 5 | 30,97,128 |
| 6 | ഡി.പി.ആർ. | 1 | 6,19,425 |
| 7 | വാട്ടർഷെഡ് ഡെവലപ്മെന്റ് വർക്ക്സ് | 56 | 34687833 |
| 8 | ജീവനോപാധി പ്രവർത്തനങ്ങൾ | 9 | 55,74,830 |
| 9 | പ്രൊഡക്ഷൻ സിസ്റ്റം & മൈക്രോ എന്റർപ്രൈസസ് | 10 | 61,94,256 |
| 10 | കൺസോലിഡേറ്റഡ് ഫേസ് | 3 | 18,58,276 |
| ആകെ | | 100 | 6,19,42,556 |

2015-16 വർഷം പദ്ധതി ചെലവ് താഴെ ചേർക്കുന്നു:-

| നം | | ഫണ്ട് ചെലവ് വിവരം (%) | തുക |
|---|---|---|---|
| 1 | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 18.87 | 6,83,568 |
| 2 | മോണിറ്ററിംഗ് | 0 | - |
| 3 | ഇവാല്യവേഷൻ | 0 | - |
| 4 | എൻട്രി പോയിന്റ് ആക്ടിവിറ്റി | 23.66 | 8,57,043 |
| 5 | ഇൻസ്റ്റിറ്റ്യൂഷൻ & കപ്പാസിറ്റി ബിൽഡിംഗ് | 3.4 | 123448 |
| 6 | ഡി.പി.ആർ. | 1 | 0 |
| 7 | വാട്ടർഷെഡ് ഡെവലപ്മെന്റ് വർക്ക്സ് | 54 | 19,57,749 |
| 8 | ജീവനോപാധി പ്രവർത്തനങ്ങൾ | 9 | 0 |
| 9 | പ്രൊഡക്ഷൻ സിസ്റ്റം & മൈക്രോ എന്റർപ്രൈസസ് | - | 0 |
| 10 | കൺസോലിഡേറ്റഡ് ഫേസ് | - | 0 |
| ആകെ | | 100 | 36,21,808 |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ തുക ചെലവഴിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)ഇതുമായി ബന്ധപ്പെട്ടുള്ള ചെലവ് വൗച്ചർ പരിശോധിച്ചതിൽ കണ്ടിജന്റ് ബിൽ 32/15-16 പ്രകാരം IWMP ഉദ്ഘാടനത്തിന്റെ ഭാഗമായി 12183/- രൂപ (ചെക്ക് നം.096148 തീ-30.10.2015)ചെലവഴിച്ചിരുന്നു. ഇതിൽ 4250/- രൂപ ലൈറ്റ്& സൗണ്ട് ക്രമീകരിക്കുന്നതിനും 1400/-രൂപ പരിപാടിയുടെ ഭാഗമായി കസേര വാടകയ്ക്ക് എടുത്തതിനുമാണ്. എന്നാൽ എത്ര കസേര കൊണ്ടുവന്നു എന്ന് ഇതുമായി ബന്ധപ്പെട്ട ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടില്ല.

2)പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് ചെലവ് 10% മായി നിജപ്പെടുത്തണമെന്ന് പദ്ധതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തെ അഡ്മിനിസ്ട്രേറ്റീവ് ചെലവ് തൻ വർഷ ആകെ ചെലവിന്റെ 18% വന്നിട്ടുണ്ട്.

3)ജീവനോപാധി പ്രവർത്തനങ്ങൾ(ചെലവ് വരേണ്ടത്-9%),പ്രൊഡക്ഷൻ സിസ്റ്റം & മൈക്രോ എന്റർപ്രൈസസ് (ചെലവ് വരേണ്ടത്-10%)എന്നീ ഇനത്തിൽ 2015-16

സാമ്പത്തിക വർഷത്തിൽ ചെലവ് വന്നിട്ടില്ല.പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-4 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല - അധിക ചെലവ് 1980/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ചെങ്ങമനാട് സി.എച്ച്.സി. ആന്റ് ക്വാർട്ടേഴ്സ് മെയിന്റനൻസ് |
| കോൺട്രാക്ടർ | വി.എ.അലിയാർ |
| എം ബുക്ക് | 32/15-16 |
| ചെലവ് വിവരം | 785700/- D.D. No:051174/22.2.2016 |

ഈ പ്രവൃത്തിയുടെ ഒന്നാം ഇനമായി 4.32$M^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. 29-ാം ഇനമായ മണ്ണ് ഫില്ലിംഗ് എന്ന പ്രവൃത്തിയിൽ 24.47$M^3$ മണ്ണ് ഫില്ലിംഗിനായി ഉപയോഗിച്ചിട്ടുണ്ട്. 458/$M^3$ നിരക്കിൽ 11209 രൂപ ഇതിന് ചെലവായിട്ടുമുണ്ട്. കുഴിച്ചെടുത്ത 4.32 $M^3$ മണ്ണ് ഫില്ലിംഗിനായി ഉപയോഗിക്കാതിരുന്നതിന് കാരണമെന്തെന്ന് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഈ മണ്ണ് ഫില്ലിംഗിനായി ഉപയോഗിച്ചിരുന്നെങ്കിൽ അത്രയും കുറവ് തുക മാത്രമേ ഈയിനത്തിൽ ചെലവ് വരുമായിരുന്നുള്ളൂ. 24.47$M^3$ മണ്ണ് ഫില്ല് ചെയ്തതിൽ കുഴിച്ചെടുത്ത 4.32 $M^3$ മണ്ണ് ഉപയോഗിച്ചിരുന്നെങ്കിൽ 20.15$M^3$ മണ്ണ് മാത്രമെ ഫില്ല് ചെയ്യേണ്ടിവരുമായിരുന്നുള്ളൂ. കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിനായി ഉപയോഗിക്കാതിരുന്നതിനാൽ താഴെ പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഫില്ല് ചെയ്ത മണ്ണിന്റെ അളവ് | ഇതിനായി ചെലവായ തുക (@458/$M^3$ ) | ചെയ്യേണ്ടിയിരുന്ന അളവ് | ചെലവ് വരുമായിരുന്ന തുക (@458/$M^3$ ) | അധികം ചെലവായ തുക |
|---|---|---|---|---|
| 24.47$M^3$ | 11209 | 24.47$M^3$- 4.32 $M^3$ =20.15$M^3$ | 9228.7 | 11209–9228.7 = 1980/- |

ഈയിനത്തിൽ അധിക ചെലവ് 1980/- ഓഡിറ്റ് നിരാകരിക്കുന്നു.

# 3-5 വാഹനത്തിന്റെ മൈലേജ് പരിശോധന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായ KL-63-4444 നമ്പർ കാറിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 2015-16 സാമ്പത്തിക വർഷത്തിൽ വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തിയതായി കാണുന്നില്ല. കൂടാതെ ഓരോ ആറുമാസം കഴിയുമ്പോഴും മൈലേജ് ടെസ്റ്റ് നടത്തി ആയതിന്റെ സർട്ടിഫിക്കറ്റ്, പുക പരിശോധന സർട്ടിഫിക്കറ്റ് എന്നിവ സംബന്ധിച്ചുള്ള വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം വാഹനത്തിന്റെ ഇന്ധന ക്ഷമത കൃത്യമായി വിലയിരുത്താൻ സാധിക്കില്ല. ടാങ്ക് ഫുൾ ആയി വേണം ഇന്ധനം നിറക്കേണ്ടത്. ചെറിയ അളവിൽ ഇന്ധനം നിറക്കുന്നത് കൃത്യമായ ഇന്ധന ക്ഷമത കണക്കാക്കുന്നതിന്

കഴിയാതെ വരാം. ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുകയും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് 17.02.2017ൽ മൈലേജ് ടെസ്റ്റ് നടത്തിയിരുന്നു.

# 3-6 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങലുകൾ നടത്തുന്നു

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റാണ് "ബ്ലോക്ക് പഞ്ചായത്തിനും എൽ.എസ്.ജി.ഡി ഓഫീസിനും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ"(പ്രോജക്റ്റ് നമ്പർ എസ് 0086/16). ഇതു പ്രകാരം വാങ്ങിയ ഉല്പന്നങ്ങൾ, അവയുടെ എണ്ണം, വില, ഏത് സ്ഥാപനത്തിൽ നിന്നും വാങ്ങി, ഉല്പാദകർ തുടങ്ങിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക | സ്ഥാപനം | ഉല്പാദകർ |
|---|---|---|---|---|---|---|
| 1 | കമ്പ്യൂട്ടർ | 3 | 45000.00 | 135000.00 | കെൽട്രോൺ | Acer |
| 2 | UPS | 3 | 2700.00 | 8100.00 | „ | „ |
| 3 | ലാപ് ടോപ്പ് | 2 | 40000.00 | 80000.00 | „ | „ |
| 4 | പ്രിന്റർ | 3 | 11700.00 | 35100.00 | „ | Duplex Canon |

മേല്പറഞ്ഞ ഉല്പന്നങ്ങളൊന്നും കെൽട്രോൺ നിർമ്മിക്കുന്നവയല്ലെങ്കിലും ടെണ്ടർ നടപടികൾ ഇല്ലാതെയാണ് കെൽട്രോണിൽനിന്നും വാങ്ങിയിരിക്കുന്നത്. സർക്കാർ സ്ഥാപനങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളും ടെണ്ടർ നടപടി കൂടാതെ കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്ത/ അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ പകുതി വില വരുന്നത് മാത്രമേ വാങ്ങുവാൻ പാടുള്ളൂ. ഓർഡർ തുകയുടെ 50ശതമാനത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാന്റുകളാണെങ്കിൽ ക്വൊട്ടേഷൻ / ടെണ്ടർ സമ്പ്രദായം സ്വീകരിക്കണമെന്ന് 2.2.2006-ലെ സ.ഉ.(പി)1/2006/എസ്.പി.ഡി. യിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ നിബന്ധന പാലിക്കാതെ മുഴുവൻ ഉല്പന്നങ്ങളും കെൽട്രോണിന്റേതല്ലാതിരുന്നിട്ടും ടെന്റർ / ക്വട്ടേഷൻ നടപടികൾ കൂടാതെ കെൽട്രോണിൽനിന്നും നേരിട്ട് വാങ്ങുകയായിരുന്നു. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ഇത്തരത്തിൽ വാങ്ങൽ നടത്തുന്നതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടവും സംഭവിക്കുന്നുണ്ട്. മേല്പറഞ്ഞിരിക്കുന്ന ഉല്പന്നങ്ങൾ പൊതുവിപണിയിൽ നിന്നും വാങ്ങുന്നതിന് ഇത്രയും ചെലവ് വരില്ല എന്നതാണ് യാഥാർത്ഥ്യം. സർക്കാർ ഉത്തരവുകൾക്ക് വിധേയമായും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരാതെയും വാങ്ങലുകൾ നടത്തുന്നതിന് മേലിലെങ്കിലും ശ്രദ്ധിക്കേണ്ടതാണ്.

# 3-7 പ്രോജക്റ്റിന്റെ ഭാഗമായി ഇൻസിനേറ്റർ വാങ്ങിയത് - വിവരങ്ങൾ അവ്യക്തം

| പ്രോജക്റ്റിന്റെ പേര്, നമ്പർ | എം. ബുക്ക് നമ്പർ | കോൺട്രാക്ടറുടെ പേര് | ചെലവ് |
|---|---|---|---|
| പുത്തൻവേലിക്കര താലൂക്ക് ആശുപത്രി & ക്വാർട്ടേഴ്സ് മെയിന്റനൻസ് 32/16 | 18/14-15 | സജിമോൻ തോമസ് | 449918/- (ഒന്നാം പാർട്ട്ബിൽ ) 270986/- (ഫൈനൽ ബിൽ) |

2014 ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 10,00,000/- രൂപ അടങ്കൽ നിശ്ചയിച്ച് ചെയ്ത ഈ പ്രവൃത്തിയ്ക്കായി തയ്യാറാക്കിയ ആദ്യ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇൻസിനേറ്റർ വാങ്ങി സ്ഥാപിക്കൽ ഉൾപ്പെട്ടിരുന്നില്ല. പിന്നീട് റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഈ ഇനം ഉൾപ്പെടുത്തുകയും, എം ബുക്കിൽ എക്സ്ട്രാ ഇനം 12 ആയി രേഖപ്പെടുത്തി 87000/- ഇതിനായി കോൺട്രാക്ടർക്ക് നൽകുകയും ചെയ്തു. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തതയില്ല.

1) ഇൻസിനേറ്ററിന് പർച്ചേസ് ഓർഡർ നല്കിയത് ആരെന്നും വാങ്ങിയ തീയതി എന്നാണെന്നും വ്യക്തമാക്കുന്ന രേഖകൾ ഇല്ല.

2) ബിൽ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല

3) സ്ഥാപിച്ച തീയതി, വാറന്റി സംബന്ധിച്ച വിവരങ്ങൾ എന്നിവ ഫയലിൽ ഇല്ല.

4) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 20.10.2016ൽ ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളതിന്റെയും 11.08.2016 ൽ ലഭിച്ച Eco Global Engineering Incorporation-ന്റെ ക്വട്ടേഷൻ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയതിനാൽ ഇത് അംഗീകരിക്കുവാൻ കമ്മിറ്റി തീരുമാനിച്ചതിന്റെയും വിവരങ്ങൾ ഫയലിൽ ഉണ്ട്. എന്നാൽ ഇതിന്റെ വില എം.ബുക്കിൽ ഉൾപ്പെടുത്തി കരാറുകാരന് തുക നൽകിയതിന് അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല. വിവരങ്ങൾ വ്യക്തമായി ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഈ പ്രവൃത്തിയുടെ ചെലവ് 2016-17 സാമ്പത്തിക വർഷത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

# 3-8 IAY ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ 6 ഗ്രാമ പഞ്ചായത്തുകളിലെ 179 ജനറൽ കുടുംബങ്ങൾക്കും 107 SC കുടുംബങ്ങൾക്കുമാണ് IAY പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയിരിക്കുന്നത്. ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് വിഹിതവും ഐ.എ.വൈ വിഹിതവും ഉൾപ്പെടുത്തിയാണ് പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്. ജനറൽ വിഭാഗത്തിന് 2,00,000 ലക്ഷം രൂപയും SC വിഭാഗത്തിന് 3,00,000 ലക്ഷം രൂപയുമാണ് ഈ പദ്ധതി പ്രകാരം അനുവദിക്കുന്നത്. ഗുണഭോക്താക്കളിൽ താഴെ പറയുന്നവർ ആദ്യ 1,2 ഘട്ട പണികളുടെ തുകകൾ കൈപ്പറ്റിയ ശേഷം പണി തുടരാത്ത സാഹചര്യമാണ് നിലവിലുള്ളത്. അടിയന്തിരമായി പണി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകുകയും പണി പൂർത്തീകരിക്കുന്നവരുടെ അതാത് ഗ്രാമപഞ്ചായത്തിൽ നിന്നും നിർമ്മാണം പൂർത്തിയാക്കിയതിന് കെട്ടിട നമ്പർ ലഭിച്ച വിവരം ഉൾപ്പെടുത്തി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്,വിലാസം | വിഭാഗം | നൽകിയ തുക/ തീയതി | അനുവദിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | മിനു വാസു, തോപ്പിൽ പറമ്പ് ദേശം, കുന്നംപുറം | SC | 17500.00-28.11.2015 | 282500.00 |
| 2 | കുഞ്ഞാലി W/o ചാത്തൻ, പാറപ്പുറത്ത്,ശ്രീമൂലനഗരം | SC | 17500.00-20.10.2015 | 282500.00 |
| 3 | അമ്മു രാജേന്ദ്രൻ, മുതിരക്കാട് ചാലാക്ക, കുന്നുകര | SC | 17500.00-29.09.2015<br>42000.00-09.11.2015 | 212500.00 |

| | | | | |
|---|---|---|---|---|
| | | | 28000.00-27.01.2017 | |
| 4 | ദീപ ശ്രീജിത്ത്,കൈപ്പിള്ളി കുന്നുകര.പി.ഒ | SC | 17500.00-16.03.2015<br>42000.00-18.05.2016 | 240500.00 |
| 5 | സരിത സിനോജ്, വട്ടേക്കാട്ട്കുന്നിൽ, പുത്തൻവേലിക്കര | SC | 17500.00-07.10.2015 | 282500.00 |
| 6 | ചന്ദ്രികഗോപി,ചിറ്റേത്ത്കാവ് എൻ.കുത്തിയതോട് | SC | 17500.00-21.10.2015 | 282500.00 |

## 3-9 എം ബുക്കിൽ അളവെടുക്കാത്ത ഇനം, പാർട്ട് ബില്ലിൽ ചേർത്ത് തുക നൽകി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മാന്തിയം റോഡ് കാന നിർമ്മാണവും ടാറിംഗും |
| കൺവീനർ | സി.സി.വിജയൻ |
| എം ബുക്ക് | 12/15-16 |
| ചെലവ് വിവരം | 215708/- Bill No. 38/15-16 dt. 30.03.2016 |

എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിയുടെ ഒന്നാം ഇനമായി Engaging man mazdoor for uprootting of trees എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എം ബുക്കിൽ അളവുകൾ രേഖപ്പെടുത്തുന്ന ഭാഗത്ത് ഈ ഇനത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പേയ്മെന്റ് ഭാഗത്ത് 10 എണ്ണത്തിന് 377/- രൂപ നിരക്കിൽ 3770/- രൂപ ഉൾപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. എം ബുക്കിൽഅളവ് രേഖപ്പെടുത്താത്ത ഇനത്തിന് തുക നൽകിയത് ശരിയായ നടപടിയല്ല. ഈ ഇനത്തിൽ ചെലവായ തുക 3770/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ചതും നൽകിയതുമായ തുകകളുടെ വിവരം

സംയുക്ത പ്രോജക്ടുകൾക്കായി ഓഡിറ്റ് വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്റ്റിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| എറണാകുളം ജില്ലാപഞ്ചായത്ത് | 2015-16 | 7864750 | ഐ.എ.വൈ ഭവന | 7364000 | 500750 |

| | | | | | |
|---|---|---|---|---|---|
| | | | നിർമാണം | | |
| ഗ്രാമ പഞ്ചായത്ത് | ---"--- | 3759222 | ഐ.എ.വൈ ഭവന നിർമാണം | 2820000 | 939222 |

വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള വരവ് 2,71,06,271/- രൂപയാണ്. ഐ.എ.വൈ പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതവും സെൻട്രൽ ഷെയറും ഉൾപ്പെടെയാണ് ഈ തുക കാണിച്ചിരിക്കുന്നത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| KSEB | Street ലൈൻ ഷിഫ്റ്റിങ്ങ് | 721717-29.12.2015 | 1,88,451.00 | UC ലഭിച്ചിട്ടില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 25,000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ വായ്പ | 167/13 dtd. 06.05.13 | 25000 | 6600000 | -- | -- | 6625000 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല. .

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,75,30,409 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,37,97,748 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39596 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | --- | 29146 | ശ്രീ. കെ.ടി.സാജൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | --- | 4760 | ശ്രീമതി. എസ്. ശ്യാമലക്ഷ്മി,സെക്രട്ടറി |
| 3-4 | --- | 1980 | ശ്രീ. മുഹമ്മദ് അബ്ദുൾ റഹ്മാൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-9 | --- | 3770 | ശ്രീ. മുഹമ്മദ് അബ്ദുൾ റഹ്മാൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | --- | 39656 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക. – ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. എസ്. ശ്യാമലക്ഷ്മി, സെക്രട്ടറി | ADC(ജനറൽ), എറണാകുളം-682030 | പ്രസാദം, B1012, സാറ്റലൈറ്റ് ടൗൺഷിപ്പ്,കാക്കനാട് വെസ്റ്റ്, കൊച്ചി |
| ശ്രീ. കെ.ടി.സാജൻ, അസി. എക്സിക്യൂട്ടീവ് | LSGD മുളന്തുരുത്തി ബ്ലോക്ക് | കോഴിതറ വീട്, മണിമല റോഡ്, എളമക്കര, എറണാകുളം |

| | | |
|---|---|---|
| എഞ്ചിനീയർ | | |
| ശ്രീ.ഇ.എ.മുഹമ്മദ് അബ്ദുൾ റഹ്മാൻ, | റിട്ടയേർഡ് | എരമംഗലത്ത് വീട്,678 എ, ശൃംഗപുരം, മേത്തല ഗ്രാമപഞ്ചായത്ത്-680669 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച റിപ്പോർട്ടിന്റെ / ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 മുതൽ 2012-13 വരെ | എൽ.എഫ്.ഇ.(ബി.പി.2) 108/2016 തീയതി 4.3.2016 | 1997-98 – 1<br>1999-00 മുതൽ 2001-02 വരെ – 4<br>2005-06 - 1<br>2009-10 - 2<br>2008-09, 2010-11, 2011-12 – 3<br>2012-13 – 3 | അദാലത്ത് റിപ്പോർട്ട് |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.2)533/2016 dtd. 02.04.2016 | 10 | |

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് എറണാകുളം ജില്ല

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(ബി.പി)332/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
emial:doekm.ksad@kerala.gov.in

തീയതി : 03.04.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള

പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ളോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാറക്കടവ് ബ്ളോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

## APPENDIX – I

## AUDIT CERTIFICATE

No.KSA-EKM(BP)332/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 03.04.2017

Certified that I have audited the Annual Financial Statement of Parakkadavu Block Panchayat in Ernakulam District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Parakkadavu Block Panchayat for the year 2015-16 except the observations in my audit report prrperly presents the picture of income and expenditure.

Joint Director